Malappuram District Police

**27.07.2017 കൊളത്തൂർ**

ഒട്ടേറെ മണൽക്കടത്തുകേസുകളിലെ പ്രതികളായ മനങ്ങനാട് സ്വദേശി കൂനംപറമ്പിൽ മനോജ് (28), കൊളത്തൂർ പടിഞ്ഞാറെക്കുളമ്പ് സ്വദേശി ചെങ്കുണ്ടൻ അബ്ദുൾഹഖീം (26) എന്നിവരെ കൊളത്തൂർ പോലീസ് അറസ്റ്റുചെയ്തു. മനോജിന്റെ പേരിൽ പെരിന്തൽമണ്ണ പോലീസ്സ്റ്റേഷനിൽ രണ്ട് ജാമ്യമില്ലാ അറസ്റ്റ് വാറന്റുകൾ നിലവിലുണ്ട്. മണൽക്കേസുമായി ബന്ധപ്പെട്ട് കൊളത്തൂർ കറുപ്പത്താലിൽ വെച്ച് കഴിഞ്ഞവർഷം പോലീസിനെ ആക്രമിച്ച കേസിലെ സംഘാംഗമാണ് മനോജ്. പിടിയിലായ ഹഖീമിന്റെ പേരിൽ കൊളത്തൂർ പോലീസിൽ രണ്ട് ജാമ്യമില്ലാ വാറന്റുകളും നിലവിലുണ്ട്. എസ്.ഐ. കെ.പി. സുരേഷ്ബാബു, സി.പി.ഒ-മാരായ സജീർ, മിഥുൻ, ജബ്ബാർ എന്നിവരടങ്ങുന്ന സംഘമാണ് പ്രതികളെ പിടികൂടിയത്. ഇരുവരെയും കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.